# STD - IX

## അദ്ധ്യാപക സഹായി

## പാഠം – നാല് സഭയും അല്മായരും ഭാഗം – ഒന്ന്

### ലക്ഷ്യം

മാമ്മോദീസായിലൂടെ ദൈവജനത്തിൽ അംഗങ്ങളാകുകയും മിശിഹായുടെ പുരോഹിത, പ്രവാചക, രാജകീയ ധർമ്മങ്ങളിൽ പങ്കുപറ്റുകയും, ആ ധർമ്മങ്ങൾ ഒരേസമയം സഭയിലും ലോകത്തിലും നിർവഹിക്കുകയും ചെയ്യുന്നവരാണ് അല്മായർ.

മാമ്മോദീസാ സ്വീകരിച്ച ഞാൻ പ്രാർത്ഥനയോടെ ബലിയർപ്പിച്ച് കൗദാശിക ജീവിതത്തിൽ വളരുകയും, ക്രിസ്തുവിനു സാക്ഷ്യം നൽകുകയും, മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ക്ഷണിക്കുകയും ചെയ്യും.

### പഠനസഹായികൾ

* അല്മായ സംഘടനകളുടെ പേരു വിവരം അടങ്ങുന്ന ചാർട്ട് / ചിത്രം
* CCC-897 (Page No. 236) - അല്മായരായ ക്രിസ്തീയ വിശ്വാസികൾ
* CCC-901 - ക്രിസ്തുവിന്റെ പൗരോഹിത്യധർമ്മത്തിൽ അല്മായരുടെ പങ്കാളിത്തം
* CCC-905 - പ്രവാചക ധർമ്മം
* CCC-908 - രാജകീയ ധർമ്മം.
* സഭ അല്മായർക്കു നൽകുന്ന നിർദ്ദേശങ്ങൾ – ചാർട്ട്

### പാഠത്തിന്റെ ഉള്ളടക്കം

* അല്മായ ദൈവവിളി
* തിരുപ്പട്ടം സ്വീകരിക്കാത്തവരും സഭ അംഗീകരിച്ചിട്ടുള്ള സന്ന്യാസ സഭകളിൽപ്പെടാത്തവരുമായ എല്ലാ ക്രൈസ്തവ വിശ്വാസികളുമാണ് അല്മായർ (തിരുസഭ, 31)
* വത്തിക്കാൻ സൂനഹദോസിന്റെ അല്മായരെക്കുറിച്ചുള്ള നിർവചനം (തിരുസഭ, 35)
* അപ്പസ്തോലിക ദൗത്യത്തിലുള്ള അല്മായരുടെ പങ്കുചേരലാണ് അല്മായ പ്രേഷിതത്വം.
* അല്മായ പ്രേഷിതത്വത്തിന്റെ അർത്ഥം
* അല്മായരുടെ വിളിയും ദൗത്യവും
* അല്മായ പ്രേഷിതത്വത്തിന്റെ മൂന്നുമാനങ്ങൾ – വ്യക്തിതലം, കുടുംബതലം, സാമൂഹികതലം
* സഭ അല്മായർക്കു നൽകുന്ന നിർദ്ദേശങ്ങൾ, കടമകൾ

## പ്രാർത്ഥന

ദൈവമേ, ജ്ഞാനസ്നാനത്തിലൂടെ ഞാൻ സ്വീകരിച്ചിരിക്കുന്ന ദൈവവിളി മനസ്സിലാക്കി, കൗദാശിക ജീവിതത്തിൽ നിന്നും ശക്തി സ്വീകരിച്ച് മറ്റുള്ളവർക്ക് നന്മ ചെയ്ത് ക്രിസ്തു സാക്ഷിയാകുവാൻ എന്നെ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. ആരാണ് അല്മായർ?
2. എന്താണ് അല്മായ പ്രേഷിതത്വം?
3. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പും, പുളിമാവുമായി പ്രവർത്തിക്കാൻ കടമയുള്ളത് ആർക്കാണ്?
4. സഭ അല്മായർക്ക് നൽകുന്ന നിർദ്ദേശങ്ങൾ ഏതെല്ലാം?
5. “മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.” (മത്താ. 5:16) ഈ വചനത്തിന്റെ വെളിച്ചത്തിൽ ഇടവകയിൽ നിങ്ങൾ നടത്തിയിട്ടുള്ള, പങ്കുകാരായിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

N.B: കുട്ടികൾക്ക് Assignment Questions നൽകാനായി പാഠഭാഗങ്ങളിൽ നൽകിയിട്ടുള്ള ചോദ്യങ്ങളിൽനിന്നും തിരഞ്ഞെടുക്കുക.

# STD - IX

## അദ്ധ്യാപക സഹായി

**പാഠം – നാല്       സഭയും അല്മായരും       ഭാഗം – രണ്ട്**

### ലക്ഷ്യം

ജ്ഞാനസ്നാനത്തിലൂടെ ലഭിച്ച പൊതുപൗരോഹിത്യ ധർമ്മത്തിൽ പങ്കുചേരുമ്പോൾ ശുശ്രൂഷാ പൗരോഹിത്യത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ബന്ധം മനസ്സിലുണ്ടാകണം. പൊതുപൗരോഹിത്യം സ്വീകരിച്ചവരിലുള്ള വ്യത്യസ്ത കൃപാവരങ്ങൾ അറിയുകയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും, ദൈവരാജ്യത്തിനായി കോർത്തിണക്കുകയും ചെയ്യുന്നത് ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ച വൈദികരാണ്.

ക്രിസ്തുവിന്റെ വില തീരാത്ത തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ട സഭയെ നയിക്കാൻ പരിശുദ്ധാത്മാവാൽ അഭിഷിക്തരായ പുരോഹിതരെ അനുസരിക്കുകയും, മുതിർന്നവരെ ബഹുമാനിക്കുകയും പ്രാർത്ഥനാ ചൈതന്യം നിറഞ്ഞ വിശുദ്ധജീവിതം നയിക്കുകയും ചെയ്യും.

### പഠനസഹായികൾ

* ശുശ്രൂഷ പൗരോഹിത്വത്തിൽ പ്രവർത്തിക്കുന്ന പുരോഹിതരുടെ ചിത്രങ്ങൾ, (മാർപാപ്പ, മെത്രാൻ, ഇടവക വികാരി, വികാരി ജനറൽ, ചാൻസലർ)
* ഇടവകയിലെ അല്മായ കൂട്ടായ്മകളുടെ ഫോട്ടോകൾ
* വചനം – ഏശയ്യാ – 6:8

### പാഠത്തിന്റെ ഉള്ളടക്കം

* അല്മായർ പൊതുപൗരോഹിത്യത്തിൽ പങ്കുചേരുമ്പോൾ ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ച വൈദികരെ അനുസരിക്കണം.
* പരിശുദ്ധാത്മാവാൽ അഭിഷിക്തരായ പുരോഹിതരുടെ വാക്കുകൾ കേൾക്കുകയും, മാതൃകാ ജീവിതം നയിക്കുകയും വേണം.
* അല്മായർ യേശുവിനെ മാതൃകയാക്കണം.
* പൊതുപൗരോഹിത്യം സ്വീകരിച്ച അല്മായരെ, നന്മ ചെയ്യുവാനായിട്ട് ദൈവം വൈദികനിലൂടെ ഒരുക്കുന്നു.
* ഏശയ്യാ പ്രവാചകനെപ്പോലെ മടി കൂടാതെ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നവരാകണം അല്മായർ.
* ലോകവുമായി ബന്ധപ്പെട്ട് അല്മായർ ജീവിക്കുമ്പോൾ വൈവിധ്യമാർന്ന ജീവിത മേഖലകൾ ക്രൈസ്തവവൽക്കരിക്കുകയും ചെയ്യേണ്ടത് അല്മായരാണ്.

* പുരോഹിതർ അല്മായരുമായുള്ള ബന്ധത്തിൽ തികഞ്ഞ ഉത്തരവാദിത്വം കാണിക്കണം.
* നമ്മുടെ പ്രവൃത്തിയും പെരുമാറ്റവും കണ്ട് നാം ക്രിസ്തുവിന്റെ പ്രിയ മക്കളാണെന്ന് മറ്റുള്ളവർക്ക് മനസ്സിലാകണം.
* ക്രിസ്തുവിനും അവിടത്തെ സുവിശേഷത്തിനും സാക്ഷ്യം നൽകി ജീവിക്കണം.

## പ്രാർത്ഥന

സർവ്വശക്തനായ ദൈവമേ, ജ്ഞാനസ്നാനത്തിലൂടെ ഞങ്ങൾ ഏറ്റെടുത്തിരിക്കുന്ന ക്രിസ്തീയവും സഭാപരവുമായ ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവ്വഹിക്കുവാൻ ഞങ്ങൾക്ക് കൃപ നൽകണമേ.

## ചോദ്യങ്ങൾ

1. ശുശ്രൂഷ പൗരോഹിത്യം എന്നാൽ എന്ത്?
2. പ്രേഷിത പ്രവൃത്തിയുടെ അടിസ്ഥാനം എന്ത്?
3. അല്മായരുടെ പ്രേഷിതരംഗങ്ങൾ ഏതെല്ലാം?
4. എങ്ങനെ നമുക്ക് ക്രിസ്തുവിന്റെ നല്ല സാക്ഷികളായി മാറാൻ കഴിയും?
5. പ്രേഷിത പ്രവർത്തനങ്ങളിൽ പൊതുപൗരോഹിത്വത്തിന്റേയും (അല്മായർ) ശുശ്രൂഷാ പൗരോഹിത്വത്തിന്റെയും (വൈദികർ) പങ്ക് വ്യക്തമാക്കുക.

N.B: കുട്ടികൾക്ക് Assignment Questions നൽകാനായി പാഠഭാഗങ്ങളിൽ നൽകിയിട്ടുള്ള ചോദ്യങ്ങളിൽനിന്നും തിരഞ്ഞെടുക്കുക.